(സി) എന്തെല്ലാം അധികാരങ്ങളാണ് പ്രസ്തുത ഏജൻസിക്കു നൽകുവാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഏജൻസികളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഈ വിഷയം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

കാലവർഷക്കെടുതിയാൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ പി.ഡബ്ല്യു.ഡി. റോഡുകൾ

287(4919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക പി.ഡബ്ല്യു.ഡി. റോഡുകളും കാലവർഷ കെടുതിയാൽ തകർന്ന ഗതാഗതയോഗ്യമല്ലാതായ വിവരം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) തകർന്ന പി.ഡബ്ല്യു.ഡി. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം അടിയന്തരനടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) അതിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 1-6-2014 മുതൽ 30-11-2014 വരെ അനുവദിച്ച തുകയുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 1-7-2011 മുതൽ 30-11-2014 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ച തുകയുടെ വിശദാംശം സർക്കാർ ഉത്തരവുകൾ സഹിതം നൽകാമോ?

ഉത്തരം

(എ) ചില റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിൻ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി നോൺ പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാതയുടെ കീഴിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് മോർത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) നിരത്തുവിഭാഗത്തിന് 137 കോടി രൂപയും ദേശീയപാതാ വിഭാഗത്തിന് 24.2939297 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുടെ കണക്ക് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

(ഇ) 1-7-2011 മുതൽ 30-11-2014 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

കാൽനട യാത്രക്കാർക്ക് സുരക്ഷിത നടപ്പാത

288(4920) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്ക് സുരക്ഷിത നടപ്പാതയും, ക്രോസിംഗിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്നും , അതിൽ എത്ര കിലോമീറ്റർ സുരക്ഷിത നടപ്പാതയാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(സി) നിരവധി ജില്ലാ, ഗ്രാമ റോഡുകളിൽ നടപ്പാത നിർമ്മിക്കാനാവശ്യമായ സ്ഥലം ഒഴിഞ്ഞു കിടപ്പുള്ളത് ഉപയോഗപ്പെടുത്തി സുരക്ഷിത നടപ്പാത നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുമോ ?

ഉത്തരം

(എ) കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി നടക്കുന്നതിന് ഇരു വശങ്ങളിലും നടപ്പാതയും, പ്രധാന ക്രോസിംഗുകളിൽ കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനു വേണ്ടി സീബ്രാ ക്രോസിംഗും ഏർപ്പെടുത്താറുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിലും Resurfacing നടത്തുമ്പോഴും, കാൽനട യാത്രക്കാർക്ക് ക്രോസിംഗിനായി സീബ്രാലൈനുകൾ വരയ്ക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly